Reg. No. : ....................................

Name : .........HSSLIVE.........

**Code No. 7002**

**Second Year – JUNE 2017**
**SAY/IMPROVEMENT**

Time : $2\frac{1}{2}$ Hours
Cool-off time : 15 Minutes

Part – II

# മലയാളം
## (MALAYALAM)

Maximum : 80 Scores

**നിർദ്ദേശങ്ങൾ :**

- നിർദ്ദിഷ്ട സമയത്തിന് പുറമെ 15 മിനിറ്റ് 'കൂൾ ഓഫ് ടൈം' ഉണ്ടായിരിക്കും. ഈ സമയത്ത് ചോദ്യങ്ങൾക്ക് ഉത്തരം എഴുതാനോ, മറ്റുള്ളവരുമായി ആശയവിനിമയം നടത്താനോ പാടില്ല.
- ഉത്തരങ്ങൾ എഴുതുന്നതിന് മുമ്പ് ചോദ്യങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കണം.
- എല്ലാ ചോദ്യങ്ങൾക്കും ഉത്തരം എഴുതണം.
- ഒരു ചോദ്യനമ്പർ ഉത്തരമെഴുതാൻ തെരഞ്ഞെടുത്തു കഴിഞ്ഞാൽ ഉപചോദ്യങ്ങളും അതേ ചോദ്യ നമ്പരിൽ നിന്ന് തന്നെ തെരഞ്ഞെടുക്കേണ്ടതാണ്.
- പ്രോഗ്രാമുകൾ ചെയ്യാനാകാത്ത കാൽക്കുലേറ്ററുകൾ ഒഴികെയുള്ള ഒരു ഇലക്ട്രോണിക് ഉപകരണവും പരീക്ഷാഹാളിൽ ഉപയോഗിക്കുവാൻ പാടില്ല.

**ബ്രായ്ക്കറ്റിൽ നിന്ന് ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക.**

1. Light is like water എന്ന ഗബ്രിയേൽ ഗാർസ്യാ മാർക്വെസിന്റെ രചന മലയാളത്തിലേക്ക് വിവർത്തനം ചെയ്തതാര്?

   (സാറാ ജോസഫ്, ബി.എം. സുഹറ, പി. വൽസല, ചന്ദ്രമതി)

2. അയ്യപ്പപ്പണിക്കരുടെ 'മോഷണം' എന്ന കവിതയുമായി ബന്ധപ്പെടുത്തി പറയാവുന്ന രസം

   (വീരം, ശാന്തം, ഹാസ്യം, ഭയാനകം)

3. കുലടയായ നീ വന്നെന്നോടു കുലീനയെ
നലസാലാപം ചെയ്യതഖിലമലമലം

'കുലട' എന്ന് വിശേഷിപ്പിച്ചതാരെയാണ്?
(ശകുന്തളയെ, ദമയന്തിയെ, അടിച്ചുതളിക്കാരിയെ, കേശിനിയെ)

(സ്കോർ : 3 × 1 = 3)

**വിട്ടഭാഗം പൂരിപ്പിക്കുക.**

4. അന്നവസ്ത്രാദിമുട്ടാതെ
തന്നു രക്ഷിച്ചു ഞങ്ങളെ
ധന്യരാക്കുന്ന നീയൊന്നു
തന്നെ ഞങ്ങൾക്കു തമ്പുരാൻ

HSSLIVE

ശ്രീ നാരായണഗുരുവിന്റെ _________ എന്ന കൃതിയിൽ നിന്നെടുത്ത വരികളാണിത്.

5. നളന് കാർക്കോടകൻ നിർദ്ദേശിച്ച പേര് _________ എന്നാണ്.

6. മറിയക്കുട്ടിയുടെ കത്ത് എന്ന കൃതി എഴുതിയത് _________ ആണ്.

(സ്കോർ : 3 × 1 = 3)

**ചേരുംപടി ചേർക്കുക.**

| | | |
|---|---|---|
| 7. | അഗ്നി | എസ്. കെ. പൊറ്റെക്കാട് |
| 8. | ചിന്താരാമൻ | പി. പത്മരാജൻ |
| 9. | നക്ഷത്രങ്ങളേ കാവൽ | കാവാലം നാരായണപ്പണിക്കർ |
| 10. | ജ്ഞാനപീഠം | എം. മുകുന്ദൻ |

(സ്കോർ : 4 × 1 = 4)

**പ്രസ്താവനകൾ ശരിയോ തെറ്റോ എന്ന് കണ്ടെത്തി എഴുതുക.**

11. യമുന, ഗംഗ, സരസ്വതി എന്നീ മൂന്ന് നദികൾ കൂടിച്ചേരുന്ന ഇടത്തെ ഭക്തർ ത്രിവേണി സംഗമം എന്നു വിളിക്കുന്നു.

12. വാംഖഡെയുടെ ഹൃദയത്തുടിപ്പുകൾ ഒരു യാത്രവിവരണ കൃതിയാണ്. (സ്കോർ : 2 × 1 = 2)

**മൂന്നോ നാലോ വാക്യത്തിൽ ഉത്തരമെഴുതുക.**

13. 'ആനപ്പുറത്ത് കയറി' എന്നതിനുപകരം ആനപുറത്തുകയറി എന്ന് പറഞ്ഞുപോയാൽ ഉണ്ടാകാവുന്ന അനർത്ഥം എത്ര ഭയങ്കരമായിരിക്കുമെന്ന് ആലോചിച്ച് നോക്കുക. (ഡോ. വി. ആർ. പ്രബാധ ചന്ദ്രൻ നായർ)

    ലേഖകൻ സൂചിപ്പിക്കുന്ന അനർത്ഥം വിശകലനം ചെയ്ത് മാധ്യമ ഭാഷയെക്കുറിച്ച് കുറിപ്പ് തയ്യാറാക്കുക.

14. കുറവല്ലാതെ നമുക്കൊരു വസ്തു
    പറവാനില്ല ജനിച്ചേപ്പിന്നെ
    – സന്ദർഭം വിശദീകരിച്ച് ഇവിടെ ചിത്രീകരിക്കുന്ന ജീവിതാവസ്ഥ നിരൂപണം ചെയ്യുക.

15. ഫിസിക്സിലെ പുതിയ കണ്ടുപിടുത്തങ്ങളിലേക്ക് എന്നെ പ്രചോദിപ്പിച്ചത് അന്നത്തെ മലയാളം ക്ലാസ്സുകളായിരുന്നു – എന്ന ഇ. സി. ജി. സുദർശന്റെ വാക്കുകളോടുള്ള നിങ്ങളുടെ പ്രതികരണം എഴുതുക.

HSSLIVE

16. ഫിഫ്ത്ത് എസ്റ്റേറ്റ് എന്ന് വിളിക്കുന്നത് ഏത് തരം മാധ്യമങ്ങളെയാണ് ? എന്തുകൊണ്ടാണ് ആ വിളിപ്പേര് അതിന് ലഭിച്ചത് ?

17. 'ഇപ്പോഴത്തെ അവസ്ഥയിലും പത്രങ്ങൾക്ക് കുറേയധികം കാര്യങ്ങൾ ചെയ്യാൻ കഴിയും. അവയുടെ സ്വഭാവത്തിൽ കോർപറേറ്റൈസേഷന്റെ നീണ്ട പ്രക്രിയ പല പരിമിതികളും ഉണ്ടാക്കിയിട്ടുണ്ടെങ്കിലും ചിലതെല്ലാം സാധിതമാണ്.'
    – മാധ്യമ പ്രവർത്തനത്തെക്കുറിച്ച് പി. സായ്നാഥ് പുലർത്തുന്ന ശുഭാപ്തി വിശ്വാസത്തോട് നിങ്ങൾ യോജിക്കുന്നുണ്ടോ ? നിങ്ങളുടെ അഭിപ്രായം രേഖപ്പെടുത്തുക.

18. കേശിനി നളനെക്കുറിച്ച് ദമയന്തിയോട് പറഞ്ഞ കാര്യങ്ങൾ ക്രോഡീകരിച്ചെഴുതുക.

**(സ്കോർസ് : 6 × 4 = 24)**

**അരപ്പുറത്തിൽ കവിയാതെ ഉത്തരം എഴുതുക.**

19. ബദരിയും പരിസരങ്ങളും എന്ന യാത്ര വിവരണത്തിൽ എസ്. കെ. പൊറ്റെക്കാട് പട്ടാളക്കാരെക്കുറിച്ച് അവതരിപ്പിക്കുന്ന സങ്കല്പം വിശദീകരിക്കുക.

20. നാടോടി രംഗകലാരൂപം എന്ന നിലയിൽ കാക്കാരശ്ശി നാടകത്തെ പരിചയപ്പെടുത്തുന്ന വിവരണം തയ്യാറാക്കുക.

21. ‘നാടോടിയായ താളബോധമാണ് കിരാതവൃത്തത്തിന്റെ ജീവൻ’ എന്ന അഭിപ്രായത്തിന്റെ സാധുത പരിശോധിക്കുക.

22. ‘വാംഖഡെയുടെ ഹൃദയത്തുടിപ്പുകൾ’ എന്ന ഫീച്ചറിനുള്ള രചനാപരമായ സവിശേഷതകൾ വിശദീകരിക്കുക.

**(സ്കോർസ് : 4 × 5 = 20)**

**ഓരോന്നിനും ഒന്നരപ്പുറത്തിൽ ഉത്തരം എഴുതുക.**

23. ‘അഞ്ചാം നിലയിലെ ഫ്ലാറ്റിൽ താമസിക്കുന്ന ടോട്ടോയും ജോവലും തങ്ങൾക്ക് നഷ്ടപ്പെട്ടുപോയ പ്രകൃതി ഭാവനാത്മകമായി തിരിച്ചുപിടിക്കുന്നതിന്റെ കഥയാണ് ‘പ്രകാശം ജലം പോലെയാണ്’ എന്നത്.

ഈ വിശകലനത്തെ മുൻനിർത്തി ഉപന്യാസം തയ്യാറാക്കുക.

**അല്ലെങ്കിൽ**

സങ്കല്പങ്ങളും യാഥാർത്ഥ്യങ്ങളും കെട്ടുപിണഞ്ഞുകിടക്കുന്ന കഥാഘടനയാണ് ‘അവകാശങ്ങളുടെ പ്രശ്നം’ എന്ന കഥയ്ക്കുള്ളത് – പ്രസ്താവന വിശകലനം ചെയ്യുക.

24. കയ്പേറിയ അനുഭവങ്ങളിൽനിന്ന് ഉയർന്നുവന്ന ഒരു സംഗീത പ്രതിഭയാണ് കലാമണ്ഡലം ഹൈദരാലി എന്ന് ‘പദത്തിന്റെ പഥത്തിൽ’ എന്ന ആത്മകഥാഭാഗം സാക്ഷ്യപ്പെടുത്തുന്നു. ഈ നിരീക്ഷണത്തെ അടിസ്ഥാനമാക്കി പ്രസ്തുത രചനയ്ക്ക് ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക.

**അല്ലെങ്കിൽ**

‘അഗ്നിവർണ്ണന്റെ കാലുകൾ’ എന്ന നാടകത്തിൽ അധികാരത്തിന്റെ ജീർണ്ണതകളെ പ്രതീകാത്മകമായവതരിപ്പിക്കുന്നതിന് കാവാലം സ്വീകരിക്കുന്ന രചനാതന്ത്രങ്ങൾ ക്രോഡീകരിച്ചെഴുതുക.

25. ആക്ഷേപഹാസ്യത്തിന്റെ ജനകീയമായ ഒരു വഴി തുറക്കുന്നതിന് കുഞ്ചൻ നമ്പ്യാർ ഉപയോഗിച്ച രചനാശൈലിയുടെ പ്രത്യേകതകൾ ക്രോഡീകരിക്കുക.

**അല്ലെങ്കിൽ**

‘സ്ത്രൈണാനുഭവങ്ങളുടെ വൈവിധ്യമാർന്ന തലങ്ങൾ പരിചയപ്പെടുത്തുന്ന കഥയാണ് ഗൗളിജന്മം.’ ഈ നിരീക്ഷണത്തെ വിമർശനാത്മകമായി വിലയിരുത്തുക.

**(സ്കോർസ് : 3 × 8 = 24)**

---